# Mathrubhumi

# 23 August 2018

# Kochi, After Flood, Sanitation

## വീടുകൾ ശുചീകരിച്ചു



കോൺഗ്രസ് എറണാകുളം നോർത്ത് ബ്ലോക്ക് കമ്മിറ്റിയും ട്രൂ ഫാമിലി ഗ്രൂപ്പും ചേർന്ന് ചേരാനല്ലൂർ അമ്പലക്കടവ് ലക്ഷംവീട് കോളനിയിലെ വീടുകൾ ശുചീകരിക്കുന്നു

**കൊച്ചി** ▸ ചേരാനല്ലൂർ അമ്പലക്കടവ് ലക്ഷംവീട് കോളനിയിലെ വീടുകൾ കോൺഗ്രസ് എറണാകുളം നോർത്ത് ബ്ലോക്ക് കമ്മിറ്റിയും ട്രൂ ഫാമിലി ഗ്രൂപ്പും ചേർന്ന് വൃത്തിയാക്കി. ആറ് ഹൈപ്രഷർ പമ്പ് സെറ്റ് അടക്കമുള്ള ആധുനിക ശുചീകരണ സംവിധാനങ്ങൾ ഉപയോഗിച്ചാണ് വീടുകൾ വൃത്തിയാക്കിയത്. കെട്ടിക്കിടക്കുന്ന ചെളി, നീക്കം ചെയ്ത വീടുകളിൽ ഫർണിച്ചറുകൾ മാറ്റിയ ശേഷമാണ് ശുചീകരണം നടത്തുന്നത്. ബ്ലോക്ക് പ്രസിഡന്റ് ഹെൻട്രി ഓസ്റ്റിൻ, തോമസ് നെറ്റിക്കാടൻ, അരുൺ പ്രഭാകർ, ജോൺ വിളങ്ങാടൻ, ലൂക്കോസ് തോമസ്, ബിജോയ് അലക്സ്, നീൽ ഉറുമീസ്, വിജയ് എന്നിവർ നേതൃത്വം നൽകി.